No. CEE/2600/PG Homoeo-2020/TA1

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## KEAM-2020

## പി.ജി. ഹോമിയോ കോഴ്സുകളിലേയ്ക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റ് ഓപ്ഷൻ കൺഫർമേഷനുള്ള അവസരം

2020–ലെ പി.ജി. ഹോമിയോ കോഴ്സുകളിലേക്കുള്ള രണ്ടാം ഘട്ട കേന്ദ്രീകൃത അലോട്ട്മെന്റിലേക്കുമുള്ള നടപടിക്രമങ്ങൾ **16.01.2021–ന്** മുതൽ ആരംഭിക്കുന്നതാണ്. രണ്ടാം ഘട്ട അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടുന്നതിന് വിദ്യാർത്ഥികൾ നിർബന്ധമായും ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്.

**ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്:**

പി.ജി. ഹോമിയോ കോഴ്സുകളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ അലോട്ട്മെന്റിലേക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ **'Confirm'** ബട്ടൺ ക്ലിക്ക് ചെയ്ത് **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നിർബന്ധമായും നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് ഹയർ ഓപ്ഷൻ പുന:ക്രമീകരണം/ ആവശ്യമില്ലാത്തവ റദ്ദാക്കൽ എന്നിവയ്ക്കുള്ള സൗകര്യം **16.01.2021 മുതൽ 20.01.2021, വൈകുന്നേരം 03.00 മണി** വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. പി.ജി. ഹോമിയോ കോഴ്സുകളിൽ മുൻ അലോട്ട്മെന്റിലൂടെ അഡ്മിഷൻ ലഭിച്ചവരും, അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും ഈ ഘട്ടത്തിൽ അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായി നടത്തേണ്ടതാണ്. ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരുടെ പി.ജി. ഹോമിയോ കോഴ്സുകളിലേക്കുള്ള ഹയർ ഓപ്ഷനുകൾ റദ്ദാകുമെന്നതിനാൽ ഭാവിയിലുള്ള ഓൺലൈൻ അലോട്ട്മെന്റുകളിലും പരിഗണിക്കുന്നതല്ല. എന്നാൽ ഈഘട്ടത്തിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവർക്ക് മുൻഅലോട്ട്മെന്റിലൂടെ ലഭിച്ച അഡ്മിഷൻ നിലനിൽക്കുന്നതായിരിക്കും.

**16.01.2021 മുതൽ 20.01.2021, വൈകുന്നേരം 03.00 മണി** വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ അലോട്ട്മെന്റ് **21.01.2021–ന്** വൈകുന്നേരം പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് **22.01.2021 മുതൽ 28.01.2021, 3.00 മണി** വരെയുള്ള തീയതികളിൽ അലോട്ട്മെന്റ് ലഭിക്കുന്ന കോളേജിൽ ഒടുക്കി പ്രവേശനം നേടേണ്ടതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു.**

| | |
|---|---|
| 16.01.2021 | പി.ജി. ഹോമിയോ കോഴ്സുകളിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദുചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 20.01.2021, വൈകുന്നേരം 03.00 മണി | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും സൗകര്യം അവസാനി ക്കുന്നു. |
| 21.01.2021 | അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 22.01.2021–28.01.2021 വൈകിട്ട് 3.00 മണി വരെ | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടാനുള്ള സമയം. |
| 28.01.2021 വൈകിട്ട് 4.00 മണി വരെ | പി.ജി. ഹോമിയോ കോഴ്സുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

**ഫീസ്:**

പി.ജി. ഹോമിയോ കോഴ്സുകളുടെ ഫീസ് നിരക്ക് കോഴ്സ് തിരിച്ച് വെബ്സൈറ്റിൽ ലഭ്യമാണ്. സർക്കാർ/എയ്ഡഡ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ മുഴുവൻ ഫീസ് തുകയും അലോട്ട്മെന്റ് ലഭിക്കുന്ന കോളേജുകളിൽ ഒടുക്കി പ്രവേശനം നേടേണ്ടതാണ്. അലോട്ട്മെന്റ് മെമ്മോയിൽ സൂചിപ്പിച്ചിട്ടുള്ള ഫീസ് ഒടുക്കാത്ത വിദ്യാർത്ഥികളുടെയും, നിശ്ചിത സമയത്തിനകം പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടേയും അലോട്ട്മെന്റ് റദ്ദാകുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി/എസ്.ടി/ ഒ.ഇ.സി/മത്സ്യത്തൊഴിലാളികളുടെ മക്കൾ/ ഒ.ഇ.സി-ക്ക് ലഭ്യമായ ആനുകൂല്യങ്ങൾക്ക് അർഹമായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ/ 20.06.2005 തീയതിയിലെ GO(Ms) No. 25/2005/SCSTDD, G.O.(Ms)No.10/2014/BCDD തീയതി: 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും, ശ്രീ.ചിത്രാഹോം, ജുവനൈൽഹോം, നിർഭയഹോം എന്നിവയിലെ വിദ്യാർത്ഥികളും ഫീസ് ഒടുക്കേണ്ടതില്ല.

പ്രവേശനവുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകളും അലോട്ട്മെന്റുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭിക്കുന്നതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

Sd/-

തിരുവനന്തപുരം
**16 .01.2021**

**പ്രവേശന പരീക്ഷാ കമ്മീഷണർ**